# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അനങ്ങനടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-പി.കെ.ഡി-16/303/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 03/04/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അനങ്ങനടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-പി.കെ.ഡി-16/303/2023 തീയ്യതി: 03/04/2023

## പാലക്കാട് ജില്ലയിലെ അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-04-2022 മുതൽ 23-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 24-01-2023 | 31-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-01-2023 | 31-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഷർഫുദ്ദീൻ.എസ്.എച്ച്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.സരിത.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.നസീറബാനു.എ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.അശ്വിനി.ടി.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.ചന്ദ്രൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ജി.തുളസീധരൻ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മുരികേഷ്.കെ.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.പ്രിയ വല്ലാട്ട് | കൃഷി ഓഫീസർ | 01-04-2021 | 04-10-2021 |
| ശ്രീമതി.ആരതി കൃഷ്ണ | കൃഷി ഓഫീസർ | 05-10-2021 | 24-10-2021 |
| ശ്രീ.സജി.പി | കൃഷി ഓഫീസർ | 25-10-2021 | 31-03-2022 |
| ഡോ.സൂസൻ ചെറിയാൻ | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ശ്രീ.സുകേഷ്.സി.യു | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.ഗോപകുമാർ.പി.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ദീപ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 26-11-2021 |
| ശ്രീമതി.ഖദീജ.എം.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 27-11-2021 | 31-03-2022 |
| ഡോ.രാജി.വി.പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.ധന്യ.എസ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ.സൗമ്യ.വി.എം | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീമതി.പ്രിയ.പി.ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 16-04-2021 |
| ശ്രീ.ഓബി.ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 17-04-2021 | 07-07-2021 |
| ശ്രീമതി.പ്രിയ.പി.ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 08-07-2021 | 05-09-2021 |
| ശ്രീമതി.സൽമ.എ.പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 06-09-2021 | 10-01-2022 |
| ശ്രീ.സുരേഷ്കുമാർ.എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 11-01-2022 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കുകൾ -അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകളുടെ വിവരം | 1-10 |
| 12 | വസ്തു നികുതി - രേഖകളുടെ പരിശോധനയിലെ കണ്ടെത്തലുകൾ | 1-11 |
| 13 | ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടും ഡാറ്റയിലെ തെറ്റുകൾ തുടരുന്നു | 1-11-1 |
| 14 | വസ്തുനികുതി നിർണ്ണയം- ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ നികുതി നഷ്ടം | 1-11-2 |
| 15 | തൊഴിൽ നികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ. | 1-12 |
| 16 | തൊഴിൽ നികുതി റിട്ടേണുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. | 1-12-1 |
| 17 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12-2 |
| 18 | ലൈസൻസ്- രേഖകളുടെ പരിശോധനയിൽ കണ്ടത്തിയ അപാകതകൾ | 1-13 |
| 19 | ഒരേ മൂലധന നിക്ഷേപ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ത ലൈസൻസ് ഫീസ് ഈടാക്കുന്നു. | 1-13-1 |
| 20 | ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത് ചട്ടപ്രകാരമല്ല. | 1-13-2 |
| 21 | ഇ-ടെണ്ടർ ഫീസിനത്തിലെ തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല | 1-14 |
| 22 | വിവിധ ഡെപ്പോസിറ്റ് പ്രവർത്തികൾ -പൂർത്തീകരണ വിവരം ലഭ്യമല്ല | 1-15 |
| 23 | സംയുക്ത പരിശോധന നടത്തി എണ്ണം തിട്ടപ്പെടുത്തിയതിനുശേഷവും കൂടുതൽ എണ്ണം പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നു | 1-16 |
| 24 | ഗ്രാമപഞ്ചായത്തിലെ സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം | 1-17 |
| 25 | അവയവ മാറ്റൽ ശസ്ത്രക്രിയക്ക് വിധേയരായവർക്ക് മരുന്ന് വാങ്ങൽ പദ്ധതി-മരുന്നുകളുടെ വിതരണ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. | 1-18 |
| 26 | 'ആയുർവേദ ആശുപത്രിയുടെ ഓഫീസ് ചെലവുകൾ' എന്ന പദ്ധതി അന്തിമ | 1-19 |

| | | |
|---|---|---|
| | പ്രോജക്റ്റ് ('സുലേഖ' സ്റ്റേറ്റ്മെന്റ്)ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല | |
| 27 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി- മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. | 1-20 |
| 28 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല | 1-21 |
| 29 | മരാമത്ത് പ്രവർത്തികളെ സംബന്ധിച്ച് അവലോകനം | 1-22 |
| 30 | MGNREGS മെറ്റീരിയൽ പർച്ചേസ്- സപ്ലൈയറിൽ നിന്ന് GST സ്രോതസ്സിൽ നിന്നും 2% ഈടാക്കി അടവാക്കിയിട്ടില്ല | 1-23 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വിവിധ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

17-02-2021 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നമ്പർ: 1 പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

25-02-2022 ലെ തീരുമാനം നമ്പർ: 1/1 പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | ₹98,78,093 |
| തൻവർഷം വരവ് | ₹8,93,26,125 |
| ആകെ വരവ് | ₹9,92,04,218 |
| ചെലവ് | ₹8,77,22,500 |
| നീക്കിയിരിപ്പ് | ₹1,14,81,718 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2021-22 | 31.07.2022 | 31.05.2022 | - | - |

### 1-2-1 വാർഷിക കണക്കുകൾ -അപാകങ്ങൾ

വാർഷിക ധനകാര്യപത്രിക തയ്യാറാക്കിയതിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1.ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500-------Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിലേക്ക് മാറ്റുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ് ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

2. ക്ഷേമപദ്ധതികൾക്കായുള്ള വരവ് ചെലവ് കണക്കുകൾ ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് {ഷെഡ്യൂൾ I-6, I-14(a)} ൽ ഉൾപ്പെടുത്തിയിട്ടില്ല.

4.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

5. മെയിന്റനൻസ് ഗ്രാന്റ് -നോൺറോഡ് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതി (പ്രോജക്റ്റ് നം 13/22) അംഗീകാരം ലഭ്യമാക്കി അന്തിമമാക്കി 'സുലേഖ'യിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹16836887 |
| വരവ് | ₹59538163 |
| ആകെ | ₹76375050 |
| ചെലവ് | ₹61939356 |
| നീക്കിയിരിപ്പ് | ₹14435694 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ* | 0 | 12030875 | 12030875 | 11144201 | 886674 |
| വികസനഫണ്ട് -എസ്.സി.പി ** | 0 | 9273369 | 9273369 | 7450766 | 1822603 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 25014000 | 25014000 | 2170197 | 22843803 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 5178697 | 5178697 | 3100846 | 2077851 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Tied)-Treasury | | 2177780 | 2177780 | 0 | 2177780 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Tied)-Bank | 0 | 3683000 | 3683000 | 0 | 3683000 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Untied)-Treasury | 0 | 217358 | 217358 | 0 | 217358 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Untied)-Bank | 0 | 2510201 (2456000 +54201-Interest) | 2510201 | 2114727 | 395474 |
| ICDS കേന്ദ്ര വിഹിതം | 368085 | 812294 | 1180379 | 1165906 | 14473 |
| TSC | 553526 | 0 | 553526 | 0 | 553526 |
| MGNREGS (അഡ്മിനിസ്ട്രേറ്റീവ് ചെലവ്) | 63502 | 1198907 | 1262409 | 1224550 | 37859 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 231173 | 0 | 231173 | 41400 | 189773 |
| PBIG | 2427350 | 0 | 2427350 | 1800000 | 627350 |
| മഴക്കാല പൂർവ്വ ശുചീകരണം | 150000 | 0 | 150000 | 150000 | 0 |
| വിമുക്തി | 22262 | 0 | 22262 | 0 | 22262 |

*ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്, അംഗണവാടി ജീവനക്കാരുടെ പ്രതിഫല തുക ഇനത്തിൽ ഈടാക്കുന്ന തുക (ജനറൽ) 2011214 രൂപ വരവിലും ചെലവിലും ഉൾപ്പെടുന്നില്ല.

**ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) 66253 രൂപ വരവിലും ചെലവിലും ഉൾപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 171 | 96686627 | 120 | 41792191 | 0 | 51 | 70.18 |

അംഗീകാരം ലഭ്യമായ 171 പ്രോജക്റ്റുകളിൽ 120 എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 43.22% മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 5 | 4573952 | 3352282 | 73.29 |
| വെറ്ററിനറി സർജ്ജൻ | 5 | 5 | 1504400 | 728079 | 48.40 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 4 | 4 | 1200000 | 1198424 | 99.87 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 3 | 3 | 425000 | 384073 | 90.37 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 1038000 | 1038000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 12 | 10 | 50035000 | 10958944 | 21.90 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 5 | 6482378 | 4608473 | 71.09 |
| സെക്രട്ടറി | 26 | 21 | 6022335 | 4734676 | 78.62 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 96 | 59 | 21788692 | 12556140 | 57.63 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 900000 | 767900 | 85.32 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 5 | 2716870 | 1465200 | 53.93 |
| ആകെ | 171 | 120 | 96686627 | 41792191 | 43.22 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി. എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 63502 | 1198907 | 1262409 | 1224550 | 37859 |
| എം.എൻ.ആർ. ഇ.ജി. എസ്-തൊഴിലാളികളുടെ വേതനം | തൊഴിലാളികൾക്ക് നൽകുന്ന വേതനം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | | | | |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1670000 | 101 |
| വിധവാപെൻഷൻ | 17201700 | 1106 |
| വാർദ്ധക്യകാലപെൻഷൻ | 32358200 | 2162 |
| വികലാംഗപെൻഷൻ | 4605300 | 300 |
| അവിവാഹിത പെൻഷൻ | 2001400 | 128 |

ക്ഷേമപദ്ധതികൾക്കായുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രിക I&E ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. സേവന സോഫ്റ്റ്‌വെയറിൽ നിന്നും നേരിട്ട് ലഭ്യമായ കണക്കുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ക്ഷേമപദ്ധതികളുടെ വിതരണം ഡാറ്റാ ബേസ് സൂക്ഷിക്കൽ എന്നിവ സംബന്ധിച്ച പരാമർശം ഖണ്ഡിക 1- 17 ആയി ചേർത്തിട്ടുണ്ട്.

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.01.2023 തിയ്യതിയിൽ 3 PM മണി സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 7261/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. ഇന്റേണൽ ഓഡിറ്റിന്റെ ഭാഗമായി പെർഫോമൻസ് ഓഡിറ്റ് വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുകയും ബജറ്റ് തയ്യാറാക്കി ഭരണസമിതി ചർച്ചചെയത് പാസാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുന്നതിനുള്ള സംവിധാനം നിലവിലുള്ള സോഫ്റ്റ്‌വെയറിലില്ല. ഓരോ ചെലവും നടത്തുമ്പോൾ ബജറ്റിൽ അനുവദിച്ച തുകയേക്കാൾ കൂടുന്നുണ്ടോ എന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടി വരുന്നുണ്ട്.

അക്കൗണ്ടിങ്ങ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്.

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാന്വലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്.

ആയിരം രൂപക്ക് മുകളിലുള്ള തുകകൾ ചെക്കായിട്ടാണ് നൽകുന്നത്. എല്ലാ പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. സെക്ഷൻ ക്ലാർക്ക് തയ്യാറാക്കിയ പേമെന്റ് വൗച്ചർ അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് എന്നിവർ പരിശോധിച്ച ശേഷമാണ് സെക്രട്ടറി ചെക്കിൽ ഒപ്പ് വെക്കുന്നത്. ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ടെങ്കിലും, സാംഖ്യ പേയ്മെന്റ് വൗച്ചറുകൾ മുഴുവൻ വൗച്ചറിനോടൊപ്പം സൂക്ഷിച്ചുകാണുന്നില്ല. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡണ്ട് ഇവർ ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമസത്തിന് നിയമപ്രകാരം ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്. എല്ലാ കളക്ഷനുകളും കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്. എന്നാൽ വസ്തുനികുതിയുടെ ഡി.സി.ബി. രജിസ്റ്റർ മാത്രമാണ് സാംഖ്യയുമായി ബന്ധിപ്പിച്ചിരിക്കുന്നത്. മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം മാന്വലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്.

ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിന് അനൗൺസ്മെന്റ്, ക്യാമ്പ് കളക്ഷൻ, ഫീൽഡ് കളക്ഷൻ, തുടങ്ങിയ മാർഗ്ഗങ്ങൾ നികുതി പിരിച്ചെടുക്കുന്നതിൽ സ്വീകരിച്ചിട്ടുണ്ട്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ മുഴുവൻ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. അനാവശ്യവും കാലഹരണപ്പെട്ടതുമായ ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അതേസമയം നാശോന്മുഖമാകുന്നതിനു മുൻപ് വില്പന നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗിന് " സകർമ്മ" യിലൂടെ മിനുട്ട്സ് തയ്യാറാക്കുന്നതിനാണ് സംവിധാനമുള്ളത്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മറ്റി ഇവയുടെ മിനുട്ട്സുകളും Online സംവിധാനത്തിലേക്കു മാറേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകളുടെ വിവരം

കംപ്ട്രോളർ &ഓഡിറ്റർ ജനറൽ 23.01.016 മുതൽ 06.02.2016 തീയതികളിലായി 2013-14,14-15 വരെയുള്ള ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. 29.02.16 തീയതിയിലെ കത്ത് നം. എൽ.ബി.എച്ച് (എച്ച്.ക്യൂ)/IV/8A/2374 /15-16 കത്ത് പ്രകാരം റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ആയതിൽ 3 പരാമർശങ്ങൾ തീർപ്പാക്കാനവശേഷിക്കുന്നുണ്ട്. ഗുരുതരമായ പരമാർശങ്ങൾ ഇല്ല.

പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ 12/2022 വരെയുള്ള ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. 10.01.23 തീയതിയിൽ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

## 1-11 വസ്തു നികുതി - രേഖകളുടെ പരിശോധനയിലെ കണ്ടെത്തലുകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207 പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും വകുപ്പ് 203 പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തുനികുതി ചുമത്തേണ്ടതാണ്. വസ്തുനികുതി രേഖകളുടെ പരിശോധനയിലെ കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1-11-1 ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടും ഡാറ്റയിലെ തെറ്റുകൾ തുടരുന്നു

വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്തിയ താഴെ പറയുന്ന 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള ഹോട്ടൽ, ഷോപ്പുകൾ എന്നീ കെട്ടിടങ്ങളെ 'വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന ഗണത്തിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. 2013 ന് മുമ്പ് വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ ആയതിനാൽ ഇതുമൂലം നികുതി നഷ്ടം ഉണ്ടാകുന്നില്ലെങ്കിലും തെറ്റായ ഡാറ്റ സഞ്ചയയിൽ തുടരുന്നു. കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) | തരം |
|---|---|---|---|
| 1 | 1/23 | 107.6 | ഷോപ്പുകൾ |
| 2 | 1/25 | 107 | ഷോപ്പുകൾ |
| 3 | 1/313 | 102 | ഷോപ്പുകൾ |
| 4 | 1/368 | 107 | ഷോപ്പുകൾ |
| 5 | 1/369 | 107 | ഷോപ്പുകൾ |
| 6 | 1/370 | 107 | ഷോപ്പുകൾ |
| 7 | 2/177 | 104 | ഷോപ്പുകൾ |
| 8 | 2/220 | 112 | ഷോപ്പുകൾ |
| 9 | 2/222 | 140 | ഷോപ്പുകൾ |
| 10 | 2/224 | 130 | ഷോപ്പുകൾ |
| 11 | 2/225 | 130 | ഷോപ്പുകൾ |
| 12 | 2/226 | 130 | ഷോപ്പുകൾ |
| 13 | 2/230 | 108 | ഷോപ്പുകൾ |

| | | | |
|---|---|---|---|
| 14 | 3/72 | 115 | ഷോപ്പുകൾ |
| 15 | 3/155 | 480 | ഷോപ്പുകൾ |
| 16 | 3/156 | 480 | ഷോപ്പുകൾ |
| 17 | 3/157 | 480 | ഷോപ്പുകൾ |
| 18 | 3/158 | 480 | ഷോപ്പുകൾ |
| 19 | 3/159 | 480 | ഷോപ്പുകൾ |
| 20 | 4/457 | 250 | ഹോട്ടൽ |
| 21 | 4/458 | 250 | ഹോട്ടൽ |
| 22 | 4/462 | 250 | ഷോപ്പുകൾ |
| 23 | 5/29 | 400 | ഷോപ്പുകൾ |
| 24 | 6/153 | 136 | ഷോപ്പുകൾ |
| 25 | 6/290 | 121 | ഷോപ്പുകൾ |
| 26 | 6/291 | 121 | ഷോപ്പുകൾ |
| 27 | 6/292 | 121 | ഷോപ്പുകൾ |
| 28 | 6/320 | 120 | ഷോപ്പുകൾ |
| 29 | 6/327 | 160 | ഷോപ്പുകൾ |
| 30 | 6/328 | 160 | ഷോപ്പുകൾ |
| 31 | 6/329 | 160 | ഷോപ്പുകൾ |
| 32 | 10/450 | 114.51 | ഷോപ്പുകൾ |
| 33 | 10/451 | 114.51 | ഷോപ്പുകൾ |
| 34 | 10/452 | 114.51 | ഷോപ്പുകൾ |
| 35 | 10/453 | 114.51 | ഷോപ്പുകൾ |
| 36 | 10/454 | 114.51 | ഷോപ്പുകൾ |

ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടും മേൽ അപാകതകൾ തുടരുന്നു. ഓഡിറ്റ് അന്വേഷണത്തിന് (17/31.01.2023)മറുപടി ലഭ്യമാക്കിയിട്ടില്ല.

കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിച്ച് ഉറപ്പുവരുത്തി നികുതി പുനർ നിർണ്ണയിച്ച് സഞ്ചയ സോഫ്റ്റ്‌വെയർ ഫോറം 6-ൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

1-11-2 വസ്തുനികുതി നിർണ്ണയം- ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ നികുതി നഷ്ടം

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 40 രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് 60 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ 100 ച. മീറ്ററിലധികം തറവിസ്തീർണ്ണമുള്ള താഴെ പറയുന്ന കെട്ടിടത്തെ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | വിസ്തീർണ്ണം (ച.മീ)/ തരം | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയിക്കേണ്ട വസ്തുനികുതി | പ്രാബല്യം | പ്രതി വർഷ നഷ്ടം |
|---|---|---|---|---|---|---|
| 1/324/A | ചിന്ത, കുന്നത്തൊടി | 862.33 ഷോപ്പുകൾ | 40x862.33= 34493 ഇളവ് =10%=3449 വർദ്ധനവ് =20%=6899 BT= 37943 | 60x862.33= 51739.8 ഇളവ് =10%=5174 വർദ്ധനവ് =20%=10348 BT= 56914 LC= 2846 | 2014 IInd Half | 19919 |

| | | | | | | |
|---|---|---|---|---|---|---|
| | | | LC= 1898<br>Total=39841 | Total=59760 | | |

2014 പ്രാബല്യത്തിൽ നികുതി നിർണ്ണയം നടത്തിയിട്ടുള്ള 862.33 ച.മീ വിസ്തീർണ്ണമുള്ള മേൽ കെട്ടിടത്തെ വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിലുൾപ്പെടുത്തിയതിനാൽ 19,919 രൂപ പ്രതിവർഷ നഷ്ടം ഉണ്ടാകുന്നുണ്ട്. അതുകൊണ്ടുതന്നെ മേൽ കെട്ടിടത്തിന്റെ ഫോം-6 പരിശോധിക്കേണ്ടതും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഗണത്തിലുൾപ്പെടുത്തി അപാകത പരിഹരിക്കേണ്ടതും വിശദാംശങ്ങൾ ഫോം-6 സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-12 തൊഴിൽ നികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. തൊഴിൽനികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-12-1 തൊഴിൽ നികുതി റിട്ടേണുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള വ്യാപാരികളുടെ തൊഴിൽനികുതി ഇനത്തിലെ 2021-22 വർഷത്തെ വരവ് (Profession Tax –Institutions/Professional/Traders കോഡ്-431190101) 73,720/- രൂപയാണ്. എന്നാൽ തൊഴിൽ നികുതി റിട്ടേണുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. റിട്ടേണുകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/30.01.2023) ലഭ്യമാക്കിയ മറുപടിയിൽ കുറഞ്ഞ ജീവനക്കാരുള്ള വ്യാപാരികളിൽ നിന്നുമുള്ള തൊഴിൽനികുതി റിട്ടേണുകൾ രേഖയായി വാങ്ങിയിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 10ൽ ഉപചട്ടം (1),(2) പ്രകാരം തൊഴിൽ നികുതി അടക്കുന്നതിന് ബാദ്ധ്യസ്ഥമോ ബാദ്ധ്യസ്ഥനോ ആണെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം അങ്ങനെയുള്ള കമ്പനി/ആളോട് VI ാം നമ്പർ ഫോറത്തിലുള്ള നോട്ടീസ് പ്രകാരം റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ആയത് പൂർണ്ണവും ശരിയുമാണെന്ന് ബോദ്ധ്യം വരുന്ന പക്ഷം അങ്ങനെയുള്ള റിട്ടേണിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്തേണ്ടതുമാണ്. ആയതിനാൽ തൊഴിൽ നികുതി ഈടാക്കുന്നവരിൽ നിന്ന് റിട്ടേൺ വാങ്ങിസൂക്ഷിക്കേണ്ടതാണ്.

### 1-12-2 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ/ ജീവനക്കാരുടെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | പോസ്റ്റ് ഓഫീസ്, അമ്പലവട്ടം | 1 & 2 |
| 2 | പോസ്റ്റ് ഓഫീസ് (ബി.പി.ഒ), എടക്കോട് | 1 & 2 |

ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/30.01.2023) ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതായും അടവാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി അടവാക്കാൻ ബാദ്ധ്യസ്ഥരായ മുഴുവൻ വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 ലൈസൻസ്- രേഖകളുടെ പരിശോധനയിൽ കണ്ടത്തിയ അപാകതകൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്

നൽകൽ രേഖകളുടെ പരിശോധനയിലെ കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

1-13-1 ഒരേ മൂലധന നിക്ഷേപ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ത ലൈസൻസ് ഫീസ് ഈടാക്കുന്നു.

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിക്കുകയും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കാവുന്ന പരമാവധി ഫീസ് പട്ടിക-II പ്രകാരം ഈടാക്കേണ്ടതുമണ്. ഇതുപ്രകാരം ഏറ്റവും കുറഞ്ഞ പരമാവധി ഫീസ് 500 രൂപയാണ്. എന്നാൽ ചുവടെ ചേർത്ത അപേക്ഷകളിൽ ഒരേ മൂലധന നിക്ഷേപ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ത ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നു.

| ക്രമ നം. | ലൈസൻസ് നമ്പർ & തീയതി | സ്ഥാപനത്തിന്റെ പേര് | മൂലധന നിക്ഷേപം | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|---|
| 1 | 1/2021-2022 /A5/1091/21 Dtd 01.04.2021 | ധന്വന്തരി ആയുർവേദ നാച്ചുറോപ്പതി സെന്റർ, ആയുർവേദ മരുന്ന് വിൽപ്പന | 1,50,000 സേവനമേഖല | 300 |
| 2 | 3/2021-2022 /A5/1991/21 Dtd 01.04.2021 | അബു എഞ്ചിനീയറിംഗ് വർക്ക്സ്, വെൽഡിങ്ങ് വർക്ക് ഷോപ്പ്. | 1,50,000 സേവനമേഖല | 300 |
| 3 | 7/2021-2022 /A5/12165 Dtd 01.04.2021 | കൃഷ്ണ വെൽഡിങ്ങ് വർക്ക്സ് | 5,00,000 ഉല്പാദന മേഖല | 350 |
| 4 | 8/2021-2022 /A5/1304/21 Dtd 01.04.2021 | മേപ്പാടത്ത് ഫർണ്ണീച്ചർ | 10,000 ഉല്പാദന മേഖല | 400 |
| 5 | 4/2021-2022 /A5/1992/21 Dtd 01.04.2021 | കദീജ ഓയിൽ മിൽ | 3,00,000 സേവനമേഖല | 500 |

ഒരേ മൂലധന നിക്ഷേപ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ത ലൈസൻസ് ഫീസ് ഈടാക്കുമ്പോൾ ഓരോ വിഭാഗത്തിലേയും സ്ഥാപനങ്ങളിൽ നിന്നും മൂലധന നിക്ഷേപം അനുസരിച്ച് വ്യത്യസ്ത തുക ഈടാക്കുന്നതിനായി ഭരണസമിതിക്ക് സ്ലാബ് നിശ്ചയിക്കാവുന്നതാണ്. അത്തരത്തിൽ ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/28.01.2023) മറുപടി ലഭ്യമാക്കിയതിൽ വിവിധ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കുന്നതിലെ ഏകരൂപവും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ലാബ് നിശ്ചയിച്ച് തുടർ വർഷങ്ങളിൽ നിയമാനുസൃത ലൈസൻസ് ഫീ ഈടാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13-2 ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത് ചട്ടപ്രകാരമല്ല.

താഴെ പറയുന്ന് സ്ഥാപനങ്ങളിൽ നിന്ന് ചട്ടപ്രകാരമല്ലാതെ ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I)സ്ഥാപനത്തിന്റെ പേര്- അൽ അമീൻ ഓട്ടോ സ്പാ.(വാഹന സർവ്വീസ് & മെക്കാനിക്ക്)

ലൈസൻസ് നമ്പർ & തീയതി-79/2021-2022/A5/1393/21 & 01.04.2021

| മൂലധന നിക്ഷേപം/ മേഖല | ഈടാക്കിയ ലൈസൻസ് ഫീസ് | ഈടാക്കേണ്ട ലൈസൻസ് ഫീസ് | വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന യന്ത്രത്തിന്റെ കുതിര ശക്തി | ഈടാക്കിയ മോട്ടോർ ഫീസ് | ഈടാക്കേണ്ട മോട്ടോർ ഫീസ് (5 To 10 HP) | ഈടാക്കേണ്ട ആകെ ഫീസ് | ഈടാക്കിയ ആകെ ഫീസ് | വ്യത്യാസം |
|---|---|---|---|---|---|---|---|---|
| 3.84 ലക്ഷം സേവന മേഖല | 1000 | 500 | 8 HP | 0 | 100 | 600 | 1000 | 400 കൂടുതൽ |

II)സ്ഥാപനത്തിന്റെ പേര്- സലാമത്ത് ഹോളോബ്രിക്സ്

ലൈസൻസ് നമ്പർ & തീയതി-280/2021-2022/A5/1391/21 & 20.10.2021

| മൂലധന നിക്ഷേപം/ മേഖല | ഈടാക്കിയ ലൈസൻസ് ഫീസ് | ഈടാക്കേണ്ട ലൈസൻസ് ഫീസ് | വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന യന്ത്രത്തിന്റെ കുതിര ശക്തി | ഈടാക്കിയ മോട്ടോർ ഫീസ് | ഈടാക്കേണ്ട മോട്ടോർ ഫീസ് (10 To 20 HP) | ഈടാക്കേണ്ട ആകെ ഫീസ് | ഈടാക്കിയ ആകെ ഫീസ് | വ്യത്യാസം |
|---|---|---|---|---|---|---|---|---|
| 5 ലക്ഷം ഉല്പാദന മേഖല | 1000 | 500 | 15 HP | 120 | 200 | 700 | 1120 | 420 കൂടുതൽ |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 28.01.2023 തീയതിയിലെ ഓഡിറ്റ് അന്വേഷണം നമ്പർ-12 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സ്ഥലപരിശോധനയിൽ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്നതിലധികം മൂലധന നിക്ഷേപമുള്ളതായി ബോദ്ധ്യപ്പെട്ടതിനാലാണ് അധികം ഫീസ് ഈടാക്കിയിട്ടുള്ളത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ വിവരം പരിശോധന റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നില്ല. ആയത് രേഖപ്പെടുത്തി തുടർവർഷങ്ങളിൽ നിയമാനുസൃത ലൈസൻസ് ഫീസ് ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-14 ഇ-ടെണ്ടർ ഫീസിനത്തിലെ തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് 28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങുന്നതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ 27-07-17 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02-10-2017 ലെ സ.ഉ (സാധാ) നമ്പർ 3186/2017/ത.സ്വ.ഭ.വ പ്രകാരമുള്ള ഉത്തരവിൽ അനുമതി നല്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അനങ്ങനടി ഗ്രാമ പഞ്ചായത്തിൽ

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ഒറ്റപ്പാലം SBI-ൽ ആരംഭിച്ചിട്ടുള്ള 37305637951 എന്ന അക്കൗണ്ട് നമ്പരിൽ ആണ് ഇ-ടെണ്ടർ ഫീസ് നിലവിൽ ക്രെഡിറ്റ് ചെയ്യുന്നത്. 31.03.2022 വരെ പ്രസ്തുത ഇനത്തിലുള്ള ആകെ വരവ്/നീക്കിയിരുപ്പ് ₹1,03,304/- രൂപയാണ്.

ടെണ്ടർ ഫീസിനത്തിൽ ലഭ്യമായ തുക ₹1,03,304/- ഗ്രാമപഞ്ചായത്തിന്റെ തനത്ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാതെ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിൽ നാളിതുവരെയും സൂക്ഷിച്ചതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം.16/31.01.2023)ക്ക് മറുപടി ലഭ്യമാക്കിയില്ല.

തുക ഗ്രാമപഞ്ചായത്ത് തനത്ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-15 വിവിധ ഡെപ്പോസിറ്റ് പ്രവർത്തികൾ -പൂർത്തീകരണ വിവരം ലഭ്യമല്ല

1. പ്രോജക്റ്റ് നം 156/22

( ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കൽ )

അടങ്കൽ-50000

ചെലവ് - 28470 (18/23.02.22-8540-സി.എഫ്. സി ടൈഡ് , 19930- തനത് ഫണ്ട്, Vr No-22101013/17.03.2022)

ഗ്രാമപഞ്ചായത്തിന്റെ റോഡ് വികസനത്തിനായി വിവിധ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തികൾക്കായി കെ.എസ്. ഇ.ബി കോതക്കുറിശ്ശി ശാഖയിലേക്കാണ് തുക നൽകിയിട്ടുള്ളത്. കെ. എസ്. ഇ. ബി ലഭ്യമാക്കിയ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. കെ.എസ്.ഇ. ബിയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും തമ്മിൽ ഇത് സംബന്ധിക്കുന്ന ധാരണാപത്രത്തിൽ ഒപ്പ് വച്ചിട്ടില്ല.

പ്രവർത്തി പൂർത്തീകരിച്ചതിന്റെയും തുക വിനിയോഗിച്ചതിന്റെയും രേഖകൾ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി എ2-4281/2023 തീയതി 31.01.23 പ്രകാരം കെ.എസ്.ഇ. ബിക്ക് കത്ത് നൽകിയിട്ടുള്ളതായി സെക്രട്ടറി അറിയിച്ചു.
(ഓഡിറ്റ് അന്വേഷണം നം 19/31.03.22)

2. പ്രോജക്റ്റ് നം 101/22

(തരുവക്കോണം കുടിവെള്ള പദ്ധതിക്ക് തുക നൽകൽ )

അടങ്കൽ-150000

ചെലവ് -150000 ( 19/26.02.22, സി.എഫ്. സി ടൈഡ് ഗ്രാന്റ് )

തരുവക്കോണം കുടിവെള്ള പദ്ധതിക്കായി ഓവർഹെഡ് വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനും പൈപ്പ് ലൈൻ നീട്ടൽ പ്രവർത്തികൾക്കുമായി KWA യിലേക്ക് തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനാണ് പ്രോജക്റ്റ് രൂപീകരിച്ചിട്ടുള്ളത്. KWA യുടെ എസ്റ്റിമേറ്റ് പ്രകാരം 1379600 രൂപയാണ് ചെലവ് കണക്കാക്കുന്നത്.

2020-21 സാമ്പത്തിക വർഷത്തിൽ 1229600 രൂപ നൽകിയിട്ടുണ്ട്. ബാക്കി നൽകേണ്ട 150000 രൂപ യാണ് തൻവർഷം വകയിരുത്തിയിരിക്കുന്നത്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും വാട്ടർ അതോറിറ്റിയും തമ്മിൽ കരാർ രൂപീകരിക്കാത്തത് സംബന്ധിച്ചും പ്രവർത്തി പൂർത്തീകരിച്ചതിന്റെയും തുക വിനിയോഗിച്ചതിന്റെയും രേഖകൾ ആവശ്യപ്പെട്ട കൊണ്ടും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 5/25.01.23) പ്രവർത്തി നിലവിൽ അന്തിമഘട്ടത്തിലാണെന്നും പൂർത്തീകരണ വിവരം അറിയിക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി എഗ്രിമെന്റ് വച്ചിട്ടുള്ളതായും നിലവിൽ ആയത് ഫയലിൽ കാണുന്നില്ലെന്നും സെക്രട്ടറി അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

1. തുകയുടെ കൃത്യമായ വിനിയോഗം ഉറപ്പ് വരുത്തുന്നതിനും സമയബന്ധിതമായി പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനും തദ്ദേശ സ്ഥാപനം പ്രവർത്തി ഏറ്റെടുക്കുന്ന ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ മുൻകൂർ അനുവദിക്കാവൂ.

2. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500------Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിലേക്ക് മാറ്റുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ് ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തുന്നത് ക്രമീകരിക്കേണ്ടതാണ്.

3. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തികൾ പൂർത്തീകരിച്ചു എന്നുറപ്പ് വരുത്തേണ്ടതും നൽകിയ തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-16 സംയുക്ത പരിശോധന നടത്തി എണ്ണം തിട്ടപ്പെടുത്തിയതിനുശേഷവും കൂടുതൽ എണ്ണം പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നു

ഗ്രാമപഞ്ചായത്ത് നിലവിൽ 171 പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കി വരുന്നുണ്ട്. വാട്ടർ അതോറിറ്റി എല്ലാ മാസങ്ങളിലും ഇത്രയും എണ്ണം ടാപ്പുകളുടെ വെള്ളക്കരം ഡിമാന്റ് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ പൊതുടാപ്പുകളുടെ കൃത്യമായ എണ്ണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ലഭ്യമാക്കിയ രേഖകൾ പ്രകാരം 26.02.2022, 18.03.2022 തീയതികളിലായി വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തും ചേർന്നു നടത്തിയ സംയുക്ത പരിശോധനയിൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം 153 മാത്രമാണ് . പ്രവർത്തനക്ഷമമല്ല എന്ന് കണ്ടെത്തിയ 18 ടാപ്പുകൾക്കു കൂടി വെള്ളക്കരം ഡിമാന്റ് ചെയ്യുകയും അടവാക്കി വരുകയും ചെയ്യുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്.

പ്രവർത്തനക്ഷമല്ലാത്തവ നീക്കം ചെയ്യുന്നതിന് തീരുമാനമെടുക്കുന്നതാണെന്ന് സെക്രട്ടറി മറുപടിയിൽ അറിയിച്ചു. 31.03.23 ന് നടത്തിയ എക്സിറ്റ് യോഗത്തിൽ ഈ വിവരങ്ങൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ ശ്രദ്ധയിൽ കൊണ്ടു വരികയും തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ജൽ ജീവൻ മിഷന്റെ എസ്റ്റിമേറ്റ് പ്രകാരം 3723 കുടുംബങ്ങൾക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ ആവശ്യമായി വരുന്നുണ്ട്. തുക ഡെപ്പോസിറ്റ് ചെയ്ത് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതായും ജൽ ജീവൻ മിഷൻ പൂർത്തിയാകുന്നതോടെ പൊതുടാപ്പുകൾ പൂർണ്ണമായും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും എക്സിറ്റ് യോഗത്തിൽ പ്രസിഡന്റ് അറിയിച്ചു.

തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും മഴവെള്ള സംഭരണം, ഭൂജല പരിപോഷണം ഇവക്കായി വൈവിധ്യങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും ശ്രമിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം 6/25.01.23)

## 1-17 ഗ്രാമപഞ്ചായത്തിലെ സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണത്തിലെ കൃത്യത പരിശോധിക്കുന്നതിന്റെ ഭാഗമായി സേവന പെൻഷൻ സോഫ്റ്റ്‌വെയറിലെ ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ്, ഡി.ബി.റ്റി റിപ്പോർട്ടുകൾ എന്നിവയും 2020, 2021 വർഷങ്ങളിലെ മരണ രജിസ്റ്ററുകളും അനുബന്ധഫയലുകളും പരിശോധനയ്ക്ക് വിധേയമാക്കി. കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

1.ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് ഓരോ മാസവും പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നില്ല

2022 നവംബർ മാസത്തിലെ ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് പ്രകാരം 114 പെൻഷൻ ഗുണഭോക്താക്കൾ

വിവിധ കാരണങ്ങളാൽ തൻമാസം പെൻഷൻ കൈപ്പറ്റിയിട്ടില്ല. പെൻഷണർ ഐ.ഡി ഉപയോഗിച്ച് ഇവരുടെ ഡി.ബി.റ്റി റിപ്പോർട്ടുകൾ പരിശോധിച്ചതിൽ നിന്നും മാസങ്ങളായി പെൻഷൻ തുക ഇവർക്ക് കൈമാറാൻ കഴിയാത്ത സാഹചര്യം നില നിൽക്കുന്നതായി കണ്ടെത്തി. ഏതാനും പേരെ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും 2023 ജനുവരിയിൽ സസ്പെൻഡ് ചെയ്തിട്ടുണ്ട്. നിലവിലും Active ആയി തുടരുന്നതും എന്നാൽ തുക കൈമാറാൻ കഴിയാത്തതുമായ ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | ഡി.ബി.റ്റി റിപ്പോർട്ട് പ്രകാരം തുക കൈമാറാൻ സാധിക്കാത്ത മാസങ്ങൾ |
|---|---|---|---|
| 1 | നബീസ | 108220201295 | സെപ്റ്റംബർ 2022 മുതൽ<br>Account Closed Or Transferred |
| 2 | മനോരമ | 108220202000 | സെപ്റ്റംബർ 2022 മുതൽ<br>Participants Not Mapped |

ഡിസ്ക്രിപ്പൻസി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ബാങ്ക് വഴിയും ഡയറക്ട് ടു ഹോം ആയും പെൻഷൻ കൈപ്പറ്റുന്ന എല്ലാ ഗുണഭോക്താക്കളുടെയും വിവരങ്ങൾ സിവിൽ രജിസ്ട്രേഷൻ ഡാറ്റയുമായി ഒത്തു നോക്കി അനർഹർ ഡാറ്റാ ബേസിൽ ഉൾപ്പെട്ടിട്ടില്ല എന്നുറപ്പ് വരുത്തേണ്ടതും നിലവിൽ സസ്പെൻഡ് ചെയ്തിട്ടുള്ള ഗുണഭോക്താക്കളും മാസങ്ങളോളം Account Closed Or Transferred എന്ന സ്റ്റാറ്റസ് ഉണ്ടായിരുന്നതിനാൽ ഇവരുടെ യഥാർത്ഥത്തിൽ മരണപ്പെട്ടത്/അർഹത നഷ്ടപ്പെട്ട കാലയളവ് വിവരങ്ങളും പരിശോധിച്ച് അനർഹമായി കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തുക തിരികെ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. 3 വർഷത്തോളം മസ്റ്ററിംഗ് പൂർത്തീകരിക്കുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ലാത്ത ഗുണഭോക്താക്കൾ / പുനർവിവാഹിത അല്ല എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവർ നിലവിലും ഡാറ്റാബേസിൽ തുടരുന്നു

മസ്റ്ററിംഗ് പൂർത്തീകരിക്കുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ലാത്ത ഏതാനും ഗുണഭോക്താക്കളുടെ ഡാറ്റാ ബേസ് പരിശോധിക്കുമ്പോൾ ആഗസ്റ്റ് 2019 മുതൽ ഇവരുടെ പെൻഷൻ മേൽകാരണത്താൽ തടഞ്ഞു വച്ചിട്ടുള്ളതായി കാണുന്നു. ഏതാനും പേരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | ഡി.ബി.റ്റി റിപ്പോർട്ട് പ്രകാരം തുക കൈമാറാൻ സാധിക്കാത്ത മാസങ്ങൾ |
|---|---|---|---|
| 1 | നബീസ | 108220201485 | ആഗസ്റ്റ് 2019 മുതൽ തുക കൈമാറിയിട്ടില്ല |
| 2 | കുറുമ്പ/ W/o അയ്യപ്പൻ | 108220100014 | ജൂലൈ 2019 ലെ ഡി.ബി.റ്റി റിപ്പോർട്ടു പ്രകാരം Deceased എന്നു കാണിച്ചിട്ടുണ്ട്. ആഗസ്റ്റ് 2019 മുതൽ മസ്റ്ററിംഗ് പൂർത്തീകരിക്കുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ലാത്ത കാരണത്താൽ തുക കൈമാറിയിട്ടില്ല. |
| 3 | പദ്മാവതി | 108220200171 | ഡി.ബി.റ്റി റിപ്പോർട്ടു പ്രകാരം ഡിസംബർ 2018 മുതൽ ജൂലൈ 19 വരെ Deceased എന്നു കാണിച്ചിട്ടുണ്ട്. എന്നാൽ ആഗസ്റ്റ് 2019 മുതൽ ആഗസ്റ്റ് 2019 മുതൽ മസ്റ്ററിംഗ് പൂർത്തീകരിക്കുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ലാത്ത കാരണത്താൽ തുക കൈമാറിയിട്ടില്ല. |
| 4 | ഉഷ | 108220601155 | മെയ് 2020 മുതൽ പുനർവിവാഹിത അല്ല എന്നു സർട്ടിഫിക്കറ്റ് ഇല്ലാത്തതിനാൽ തുക കൈമാറിയിട്ടില്ല. |

ഡി.ബി.റ്റി റിപ്പോർട്ട് പ്രകാരം Deceased എന്നു രേഖപ്പെടുത്തിയതിനു ശേഷവും ഗുണഭോക്താക്കൾ Active ആയി തുടരുന്നുണ്ട്.

ഇത്തരത്തിലുള്ള എല്ലാ ഗുണഭോക്താക്കളും നിലവിൽ മരണപ്പെട്ടിട്ടുണ്ടോ / മറ്റു തരത്തിൽ അർഹത നഷ്ടപ്പെട്ടിട്ടുണ്ടോ എന്നു പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

3. ഈ ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള താഴെ പറയുന്ന വ്യക്തികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് വിവിധ ക്ഷേമനിധി ബോർഡുകളിൽ നിന്നും നിലവിലും പെൻഷൻ അനുവദിക്കുന്നതായി കാണുന്നു.

1. മുഹമ്മദലി. കെ, മരണം -19.10.2020- കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി പെൻഷണർ

2. ലക്ഷ്മി. വി, മരണം 01.12.2020 -ചെറുകിട നാമമാത്ര കർഷകർക്കായുള്ള ക്ഷേമനിധി ബോർഡ് പെൻഷണർ

ഈ ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള വിവരം അതത് ക്ഷേമനിധി ബോർഡുകളെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ് .

മേൽ വിവരങ്ങൾ ഓഡിറ്റ് അന്വേഷണം നം. 15/30.01.23 പ്രകാരം ആവശ്യപ്പെട്ടതിന് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

<u>തുടർ നിർദ്ദേശങ്ങൾ</u>

1. ആശ/അംഗൻവാടി വർക്കർമാർ ഓരോ വാർഡിലെയും മരണങ്ങൾ തദ്ദേശ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യണമെന്ന് ജി.ഒ(എം.എസ്)97/20/ധന/23.9.2020 ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട് എങ്കിലും ആയത് പാലിക്കപ്പെടുന്നില്ല. ആശ/അംഗൻവാടി വർക്കർമാരുടെ പ്രവർത്തനം അതത് വാർഡ് മെമ്പർമാർ മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാവേണ്ടതാണ്.

2. നിലവിലുള്ള എല്ലാ ആക്ടീവ് പെൻഷണർമാരുടെയും വിവരങ്ങൾ സേവന സിവിൽ രജിസ്ട്രേഷൻ വിവരങ്ങളുമായി ഒത്തു നോക്കി അനർഹരെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിനും അധികം തുക നൽകിയിട്ടുള്ള പക്ഷം തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഈ വിവരങ്ങൾ വാർഡ് തിരിച്ച് അന്വേഷണം നടത്തുന്നതിനും തുടർ നടപടി ഉണ്ടാകേണ്ടതാണ്.

